## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്
## തിരുവനന്തപുരം – 14

വിഷയം :– ഇ. മെ. സ. വകുപ്പ് – ജീവനക്കാര്യം – ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ നിയമനം നൽകുന്നത് – ആശ്രാമം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. എ. ഷെരീഫിന് ക്ലാർക്കായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സർക്കാർ ഉത്തരവ് (പി) നം.1/2014/ഉ.ഭ.പ.വ ഉത്തരവ് തീയതി: 03.01.2014
2. സർക്കാർ ഉത്തരവ് (പി) 21/2014/ഉ.ഭ.പ.വ ഉത്തരവ് തീയതി: 14.07.2014
3. ഇ.മെ.സ.വകുപ്പ് ഡയറക്ടറുടെ 07.10.17-ലെ ഇ$_5$-3384/15/ഡി.ഐ.എം.എസ്. നമ്പർ ഉത്തരവ്

### ഉത്തരവ് നമ്പർ – ഇ$_2$-15377/2014/ഡി.ഐ.എം.എസ് തീയതി: 16.11.2017

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ത്തിലേയ്ക്ക് അതാത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും, യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) ഉത്തരവിലെ നിബന്ധനകൾ പ്രകാരം വകുപ്പിലെ മേഖലാതലത്തിലുള്ള എൽ.ഡി.ക്ലാർക്ക് തസ്തികയിലെ കേഡർ സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിൽ ദക്ഷിണ/മദ്ധ്യ/ഉത്തര മേഖലകളിലെ താഴ്ന്നവിഭാഗം ജീവനക്കാരുടെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംയോജിത സീനിയോറിറ്റി ലിസ്റ്റിലെ ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ അധികാരപരിധിയിൻ കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങളിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 4 ആയ, ആശ്രാമം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. എ. ഷെരീഫ് ആണ് ക്ലർക്ക് തസ്തികയിലേക്ക് നിലവിൽ തസ്തികമാറ്റത്തിന് അർഹനായിട്ടുള്ളത്. ടിയാന്റെ സേവന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(മറുപുറം)

| പേര്, തസ്തിക | ജനന തീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി | സംയോജിത സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| ശ്രീ. എ.ഷെരീഫ് ഓഫീസ് അറ്റൻഡന്റ്, ഇ.എസ്.ഐ ഡിസ്പെൻസറി, ആശ്രാമം | 10.05.1965 | 31.01.1997 | 4 | എസ്.എസ്.എൽ.സി. |

മേൽ സാഹചര്യത്തിൽ ആശ്രാമം ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. എ.ഷെരീഫിന് തസ്തികമാറ്റംവഴി 19000-43600 രൂപ ശമ്പളസ്കെയിലിൽ ക്ലർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി ഹോമിയോ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ടിയാൻ നിയമപ്രകാരമുള്ള പ്രൊബേഷനിലായിരിക്കുന്നതാണ്.

ടിയാൻ വിടുതൽ ചെയ്ത തീയതിയും ജോലിയിൽ പ്രവേശിച്ച തീയതിയും യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. അജിത നായർ ആർ.
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ.എ.ഷെരീഫ്
ഓഫീസ് അറ്റൻഡന്റ്,
ഇ.എസ്.ഐ ഡിസ്പെൻസറി,
ആശ്രാമം. (നിയന്ത്രണാധികാരി മുഖാന്തിരം)

പകർപ്പ് -
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഐ.എം.എസ് , ദക്ഷിണമേഖല, കൊല്ലം
2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, ആശ്രാമം
3. ജോയിന്റ് ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ/ഡയറക്ടറുടെ സി.എ.
4. ഇ5 സെക്ഷൻ
5. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്